നമ്മുടെ ഇടവക സമൂഹങ്ങളും ഭവനങ്ങളും അപ്പസ്തോലിക പ്രബോധനം, കൂദാശകൾ, പ്രാർത്ഥന, കൂട്ടായ്മ എന്നീ നാലു തൂണുകളിൽ പണിതുയർത്തിയ ദൈവവചനത്തിന്റെ വാസസ്ഥാനങ്ങളാണോ എന്ന് നമുക്ക് ഒന്ന് ആത്മപരിശോധന ചെയ്തു നോക്കാം.

## 4. പ്രേഷിത പ്രവർത്തന രംഗങ്ങൾ - വചനം സഞ്ചരിക്കുന്ന വഴികൾ

''പാദങ്ങൾക്ക് വിളക്കും പാതയിൽ പ്രകാശവുമാണ്'' (സങ്കീ. 119, 105) ദൈവത്തിന്റെ വചനം. ''ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവാനാണ്'' (മാർക്ക്. 16, 15) യേശു നമ്മോടു കല്പിച്ചിരിക്കുന്നത്. എല്ലാ വഴികളിലൂടെയും സഞ്ചരിച്ച് എല്ലാ മേഖലകളിലും ചെന്നെത്തുന്നതാണ് ദൈവവചനം. ദൈവവചനവുമായി വിശുദ്ധ പൗലോസും അപ്പോസ്തലന്മാരും സഞ്ചരിച്ച വഴികൾ മാത്രമല്ല ഇന്ന് നമ്മുടെ മുന്നിലുള്ളത്. റേഡിയോ, ടെലിവിഷൻ, ഇന്റർനെറ്റ് തുടങ്ങിയ ആധുനിക ആശയവിനിമയ മാർഗ്ഗങ്ങളിലൂടെ ദൈവചനത്തിന് അതിവേഗം എവിടെയും കടന്നുചെല്ലാൻ സാധിക്കും. വചനപ്രഘോഷണം ലളിതവും ആകർഷണീയവുമാക്കാൻ യേശു കഥകളും അന്യാപദേശങ്ങളും ഉപമകളും ഉപയോഗിച്ചു. ആശയ വിനിമയത്തെ ആകർഷണീയമാക്കാൻ ആധുനിക മാദ്ധ്യമങ്ങൾ ഉപയോഗിക്കുന്ന വിവിധ കലാരൂപങ്ങളും സാങ്കേതിക വിദ്യകളും ഫലപ്രദമായ വചനപ്രഘോഷണത്തിനും ഉപകരിക്കുന്നതാണ്. ഈ സാഹചര്യങ്ങളെയെല്ലാം പരമാവധി പ്രയോജനപ്പെടുത്തി കൊ ് സ്വന്തം ജീവിത സാഹചര്യങ്ങളെയും പ്രവർത്തനമേഖലകളെയും വചനാനുഭവത്താൽ വിശുദ്ധീകരിക്കുകയാണ് തിരുസഭയിലെ ഓരോ അംഗവും നിർവ്വഹിക്കേ പ്രേഷിത ദൗത്യം.

അതേസമയം ഇന്ന് നമുക്കുചുറ്റും വളർന്നുവരുന്ന മരണസംസ്ക്കാരത്തിന്റെ വഴികളെല്ലാം തന്നെ യുദ്ധത്തിന്റെയും കലാപത്തിന്റെയും ഭീകരപ്രവർത്തനങ്ങളുടെയും രക്തക്കറപുര താണ്; അക്രമത്തിന്റെയും അനീതിയുടെയും അഴിമതിയുടെയും കറുത്ത പാടുകളുള്ളതാണ്. നിരന്തരമായ അടിച്ചമർത്തലിനും ചൂഷണത്തിനും വിധേയരായതുകാരണം മനഃസാക്ഷി മരവിച്ചുപോയ മനുഷ്യരാണ് ഈ വഴികളുടെ ഇരുവശങ്ങളിലും വസിക്കുന്നത്. ഇങ്ങനെയുള്ള വഴികളിലൂടെ സഞ്ചരിച്ച് ഇനിയും എന്തെങ്കിലും പരിവർത്തനം വരുത്തുവാൻ ദൈവവചനത്തിനാവുമോ എന്ന് സംശയിക്കുന്നവരു ാവാം. എന്നാൽ അടിസ്ഥാനപരമായി ഈ പ്രതികൂല സാഹചര്യങ്ങൾക്കെല്ലാം കാരണം ആമോസ് പ്രവാചകൻ പ്രവചിക്കുന്ന പോലെ വചനത്തിന്റെ ക്ഷാമമാണ് (8, 11). പ്രധാനമായും മരണസംസ്ക്കാരത്തിന്റെ കറപുര വഴികളിലൂടെ സഞ്ചരിക്കുവാനാണ് അതിന്റെ ബന്ധനങ്ങളിൽ നിന്നും മനുഷ്യരെ മോചിപ്പിക്കുവാനാണ് വചനം തന്നെയായ യേശു ഈ ലോകത്തിലേയ്ക്ക് അയക്കപ്പെട്ടത്. അവിടുന്ന് പറഞ്ഞു: ''കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉ ്. ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ച്ചയും അടിച്ചമർത്തപ്പെട്ടവർക്ക് മോചനവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു'' (ലൂക്കാ. 4, 18-19). ദൈവമായിരുന്നിട്ടും അവശതയനുഭവിക്കുന്നവരോടുള്ള സ്നേഹത്തെപ്രതി സ്വയം ശൂന്യനാക്കിയ (cfr ഫിലി. 2, 7-8) വചനം തന്നെയായ യേശുവിന് കടന്നുചെല്ലാൻ സാധിക്കാത്ത വഴികളൊന്നുമില്ല.

സർവ്വോപരി നാമോരോരുത്തരുടേയും ഭവനങ്ങളിലേയ്ക്കുള്ള വഴികളിലൂടെയാണ് ദൈവവചനം സഞ്ചരിക്കുന്നത്. നമ്മുടെ വാതിൽപ്പടികളിൽ വന്നുനിന്നുകൊ ് വചനം പറയുന്നതിതാണ്: ''ഇതാ ഞാൻ വാതിലിൽ മുട്ടുന്നു. ആരെങ്കിലും എന്റെ സ്വരം കേട്ട് വാതിൽ തുറന്നുതന്നാൽ ഞാൻ അവന്റെ അടുത്തേയ്ക്ക് വരും. ഞങ്ങൾ ഒരുമിച്ചു ഭക്ഷിക്കുകയും ചെയ്യും'' (വെളി. 3, 20). ഇങ്ങനെ വചനത്തെ ഭവനങ്ങളിലേയ്ക്ക് സ്വാഗതം ചെയ്യുന്നവരുടെ കുടുംബങ്ങൾ സങ്കീർത്തനങ്ങളിൽപ്പറഞ്ഞിരിക്കുന്നതു പോലെ ഐശ്വര്യപൂർണ്ണമായിരിക്കും: ''നീ സന്തുഷ്ടനായിരിക്കും; നിനക്ക് നന്മ കൈവരും; നിന്റെ ഭാര്യ ഭവനത്തിൽ ഫലസമൃദ്ധമായ മുന്തിരി പോലെയായിരിക്കും; നിന്റെ മക്കൾ നിന്റെ മേശയ്ക്ക് ചുറ്റും ഒലിവു തൈകൾ പോലെയും'' (സങ്കീ. 128, 2-3). അതുകൊ ് നമ്മുടെ ഭവനങ്ങളിൽ വിശുദ്ധ ഗ്രന്ഥം പൂജ്യമായി പ്രതിഷ്ഠിച്ച് കുടുംബാംഗങ്ങളോടൊപ്പം അത് ഭക്തിപൂർവ്വം വായിക്കുകയും ധ്യാനിക്കുകയും ചെയ്യുന്ന ഒരു സംസ്കാരം വളർത്തിയെടുക്കണം. സങ്കീർത്തനങ്ങളിൽ പറഞ്ഞിരിക്കുന്നതുപോലെ മാതാപിതാക്കൾ ''കർത്താവ് പ്രവർത്തിച്ച മഹത്തായ കാര്യങ്ങളും അവിടുത്തെ ശക്തിപ്രഭാവവും അത്ഭുത കൃത്യങ്ങളും വരും തലമുറയ്ക്ക് വിവരിച്ചുകൊടുക്കണം'' (സങ്കീ. 78, 4). അങ്ങനെ ചെയ്താൽ ''വരാനിരിക്കുന്ന തലമുറ, ഇനിയും ജനിച്ചിട്ടില്ലാത്ത മക്കൾ അവ അറിയുകയും തങ്ങളുടെ മക്കൾക്ക് അവ പറഞ്ഞുകൊടുക്കുകയും ചെയ്യും'' (സങ്കീ. 78, 6).

വിലമതിക്കാൻ സാധിക്കാത്ത ഒരു വലിയ നിധിയാണ് ദൈവവചനം. സുഭാഷിതങ്ങളുടെ പുസ്തകത്തിൽ കാണുന്നതുപോലെ വചനം കൊ ുള്ള നേട്ടം വെള്ളിയെയും സ്വർണ്ണത്തെയുംകാൾ ശ്രേഷ്ഠമാണ്. വചനം രത്നങ്ങളെക്കാൾ അമൂല്യമാണ്. നാം കാംക്ഷിക്കുന്നതൊന്നും വചനത്തിന് തുല്യമല്ല. വചനത്തിന്റെ വലത്തുകൈയിൽ ദീർഘായുസ്സും ഇടതുകൈയിൽ സമ്പത്തും ബഹുമതിയും സ്ഥിതിചെയ്യുന്നു. വചനത്തിന്റെ മാർഗ്ഗങ്ങൾ പ്രസന്നവും സമാധാനപൂർണ്ണവുമാണ് (സുഭാ. 3, 14-17). സിനഡ് പിതാക്കന്മാരുടെ ഈ ആഹ്വാനം ഉൾക്കൊ ുകൊ ് വചനാനുഭവത്തിൽ വളരുവാനും വചനത്താൽ വിശുദ്ധീകൃതരായി ദൈവമക്കളായി രൂപാന്തരപ്പെടുവാനും വേ കൃപയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,

† സൂസപാക്യം എം.
തിരുവനന്തപുരം അതിരൂപത മെത്രാപ്പോലീത്ത

---

P.S: ഈ ഇടയലേഖനം 2008 നവംബർ മാസം 30-ാം തിയതി ഞായറാഴ്ച്ച ദിവ്യബലിമദ്ധ്യേ വായിച്ച് വിശദീകരിക്കേ താണ്.